(സി) കേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ കർഷകരിൽനിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുക്കുകയും സംസ്കരിച്ച് കൊപ്രയാക്കി മാറ്റുകയും ചെയ്യുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില ചെക്ക് മുഖേന കൃഷിഭവനുകളിൽനിന്ന് കർഷകർക്ക് ലഭിക്കുന്നു. പദ്ധതി നടത്തിപ്പിനായി കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 2100 ലക്ഷം രൂപ 2012-13-ൽ കേരഫെഡിന് നൽകിയിരുന്നു. കൂടാതെ 2014-15-ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കി മാറ്റിയതിനുള്ള ഇൻസെന്റീവ് ഇനത്തിൽ 100.00 ലക്ഷം രൂപയും കേരഫെഡിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 362 കൃഷിഭവനുകൾ വഴി 55100 ടൺ പച്ചനാളികേരം ഇതിനകം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

ഡയറി പ്ലാൻ

9 (*579) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡയറി പ്ലാൻ നടപ്പാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം, വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്നിവ മിൽമ മേഖല യൂണിയനുകൾവഴി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സംസ്ഥാനത്തിന് വേണ്ടി ഡെയറി പ്ലാൻ, ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് കന്നുകാലികളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക, ഗ്രാമീണമേഖലയിലെ ക്ഷീര കർഷകരെ സംസ്ഥാനത്ത് നിലവിലുള്ള പാൽ സംസ്കരണ വിപണന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി കൂടുതൽ ക്ഷീരസംഭരണത്തിനായി സംഘങ്ങൾ ആരംഭിക്കുക, പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുക, തീറ്റപ്പുൽ വികസന പദ്ധതികൾ നടപ്പിലാക്കുക, പാൽവില കൃത്യമായി ക്ഷീരകർഷകർക്ക് ലഭ്യമാക്കുക, എ.ഐ. കേന്ദ്രങ്ങൾ/ഗുണമേന്മയുള്ള ബീജോൽപാദന കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുക, സമീകൃത കാലിത്തീറ്റ വിതരണം, കോൾഡ് ചെയിൻ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, പാലിന്റെ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പാലുൽപ്പന്ന നിർമ്മാണ പരിശീലനം, പാലുൽപ്പന്ന ഫാക്ടറി നിർമ്മിക്കൽ എന്നിവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.

മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൻകീഴിൽ കറവമാടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി 16000-ത്തോളം കർഷകരെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതിപ്രകാരം ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിപ്രകാരം 2013-14 വർഷത്തിൽ തുടങ്ങി രണ്ടുവർഷംകൊണ്ട് 196 ക്ഷീരസംഘങ്ങൾ രൂപീകരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിലൂടെയും വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly